**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.660** **12.07.12 ൽ മറുപടിയ്ക്ക്**

## ചെക്ക് പോസ്റ്റുകളിൽ ഇലക്ട്രോണിക് വേയിംഗ് മെഷീൻ

**ചോദ്യം**

ശ്രീ. വി.പി.സജീന്ദ്രൻ
ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ. ഐ.സി.ബാലകൃഷ്ണൻ
ശ്രീ. എ.റ്റി. ജോർജ്

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹനവകുപ്പിന്റെ ചെക്ക് പോസ്റ്റുകളിൽ ഇലക്ട്രോണിക് വേയിംഗ് മെഷീൻ സ്ഥാപിക്കുവാൻ ആലോചനയുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | 1988-ലെ മോട്ടോർ വാഹന നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള പരിധി ലംഘിച്ച് ചരക്ക് വാഹനങ്ങളിൽ കയറ്റി കൊണ്ടുവരുന്ന അമിതഭാരം കൃത്യമായി നിർണ്ണയിക്കുവാനാണ് ഇലക്ട്രോണിക് വേയിംഗ് മെഷീനുകൾ ഉപയോഗിക്കുന്നത്. ഇത്തരത്തിൽ നിയമലംഘനം നടത്തുന്ന വാഹനങ്ങളിൽ നിന്നും കുറഞ്ഞത് 2000/- രൂപയും അധികമുള്ള ഓരോ ടണ്ണിനും 1000/- രൂപ വീതവും പിഴ ഈടാക്കുന്നതു വഴി സർക്കാരിന്റെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുവാൻ സാധിക്കും. കൂടാതെ ഇത്തരം വാഹനങ്ങൾ കാരണം റോഡുകൾക്ക് ഉണ്ടാകുന്ന കേടുപാടുകളും നാശനഷ്ടങ്ങളും ഒഴിവാക്കുക വഴി റോഡുകൾ നന്നാക്കാൻ വേണ്ടി വരുന്ന ചെലവും കുറയ്ക്കുവാൻ സാധിക്കും. ഒരു പരിധി വരെ അപകടങ്ങളും കുറയ്ക്കാൻകഴിയും. |
| (സി) | എവിടെയൊക്കെയാണ് ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നത്? | (സി) | നടപ്പ് സാമ്പത്തിക വർഷം മോട്ടോർ വാഹന വകുപ്പിന്റെ സ്വന്തം സ്ഥലത്തു പ്രവർത്തിക്കുന്ന മോട്ടോർ വാഹന ചെക്ക് |

| | | | |
|---|---|---|---|
| | | | പോസ്റ്റുകളായ ആര്യങ്കാവ് (കൊല്ലം), മഞ്ചേശ്വരം (കാസർകോട്), പേർള (കാസർകോട്) എന്നിവിടങ്ങളിലോ അല്ലെങ്കിൽ വകുപ്പിന് സ്വന്തമായി സ്ഥലം ലഭ്യമാകുന്ന മറ്റേതെങ്കിലും അനുയോജ്യമായ സ്ഥലത്തോ ആണ് ഇലക്ട്രോണിക് പിറ്റ്മൗണ്ടഡ് വേയിംഗ് മെഷീനുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത്. ഈ സാമ്പത്തിക വർഷം രണ്ട് പോർട്ടബിൾ വേയിംഗ് മെഷീനുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. അത് ഉചിതമായ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ